(സി) പെർഫോമൻസ് ആഡിറ്റ് റിപ്പോർട്ടിൻമേലുള്ള നഗരസഭയുടെ അഭിപ്രായം ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഇപ്രകാരം ശുപാർശ ചെയ്തിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

147 (728) ഹൈക്കോടതി കേസ്സുകൾക്ക് ചെലവാക്കിയ തുക

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭ 1996-97, 1997-98, 1998-99, 1999-2000 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഹൈക്കോടതിയിലെ കേസ്സുകൾക്കായി എന്തു തുക ചെലവാക്കിയിട്ടുണ്ട്;

(ബി) ഇത്രയും തുക ചെലവഴിച്ചതുകൊണ്ട് നഗരസഭയ്ക്ക് ഓരോ വർഷവും എന്തു തുക റവന്യൂ വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരസഭ 1996-97 മുതൽ 1999-2000 വരെ ഹൈക്കോടതിയിലെ കേസ്സുകൾക്കായി ചെലവാക്കിയ തുകയുടെ വിവരം താഴെ പറയും പ്രകാരമാണ്.

1996-97	:	40035 രൂപ
1997-98	:	549595 രൂപ
1998-99	:	642650 രൂപ
1999-2000	:	517358 രൂപ

(ബി) ഹൈക്കോടതി കേസ്സുകൾക്കായി തുക ചെലവഴിച്ചതുകൊണ്ട് സഗരസഭയ്ക്ക് ഉണ്ടായ വരുമാനം കണക്കാക്കിയിട്ടില്ല.

148 (729) തൊഴിൽ നികുതി വർദ്ധന

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പളപരിഷ്ക്കരണത്തിനുശേഷം വിവിധ കാറ്റഗറികളിൽപ്പെട്ട ഉദ്യോഗസ്ഥർക്ക് മൊത്തം ശമ്പളത്തിൽ നാമമാത്രമായ വർദ്ധനവ് ലഭിച്ച പ്പോൾ, തൊഴിൽ നികുതി ഇനത്തിൽ പത്തും പതിനഞ്ചും ഇരട്ടി വർദ്ധനവ് ഉണ്ടായതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ആരെല്ലാമാണ് നിവേദനം നൽകിയത്;

(സി) ഇതിൻമേൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ഡി) തൊഴിൽ നികുതി ശമ്പള വർദ്ധനവിന് ആനുപാതികമാക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) തൊഴിൽ നികുതി കൂടുതലാണെന്നും അവ കുറയ്ക്കണമെന്നും ആവശ്യപ്പെട്ട് താഴെപ്പറയുന്ന സർവീസ് സംഘടനകളിൽനിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

1. കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ
2. കേരള പബ്ലിക് സർവീസ് കമ്മിഷൻ സ്റ്റാഫ് അസോസിയേഷൻ
3. കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ
4. കേരള അനിമൽ ഹസ്ബൻഡറി മിനിസ്റ്റീരിയൽ സ്റ്റാഫ് അസോസിയേഷൻ
5. കേരള പ്രൈവറ്റ് പോളിടെക്നിക് സ്റ്റാഫ് അസോസിയേഷൻ.
6. കേരള എൻ.ജി.ഒ. യൂണിയൻ.
7. കേരള ഫിനാൻസ് സെക്രട്ടേറിയറ്റ് അസോസിയേഷൻ.
8. പി.എസ്.സി. എംപ്ലോയീസ് അസോസിയേഷൻ.
9. കേരള എൻ.ജി.ഒ. സംഘ്.
10. സെക്രട്ടേറിയറ്റ് സ്റ്റാഫ് അസോസിയേഷൻ.
11. കേരള ഫിനാൻസ് സെക്രട്ടേറിയറ്റ് സ്റ്റാഫ് കോൺഗ്രസ്സ്.
12. കോൺഫഡറേഷൻ ഓഫ് സെൻട്രൽ ഗവൺമെന്റ് എംപ്ലോയീസ് ആന്റ് വർക്കേഴ്സ്

(സി)&(ഡി) ഉണ്ട്. ശമ്പള പരിഷ്കരണത്തിനുശേഷം തൊഴിൽ നികുതി പരിഷ്കരിച്ചിട്ടില്ല. അതേസമയം പഞ്ചായത്തുകൾക്ക് ബാധകമാക്കിയ ഭേദഗതി ചട്ടങ്ങൾ പ്രകാരം നിശ്ചയിച്ച 8 സ്ലാബുകൾ തന്നെ മുനിസിപ്പൽ/കോർപ്പറേഷൻ ചട്ടങ്ങളിലും ഉൾപ്പെടുത്തി പരിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

149 (730) തൊഴിൽ നികുതി നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തൊഴിൽനികുതി നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്താണ് എന്ന് വിശദീകരിക്കുമോ;

(ബി) തൊഴിൽ നികുതി വൻതോതിൽ വർദ്ധിപ്പിച്ചുവെന്ന് പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പരാതിയിൽ എന്ത് നടപടി കൈക്കൊണ്ടിട്ടുണ്ട്;

(ഡി) വർദ്ധിപ്പിച്ച തൊഴിൽ നികുതി കുറയ്ക്കുവാനും ശാസ്ത്രീയമായി പരിഷ്കരിക്കുവാനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly